കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകിയും 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 മേലുള്ള സാധൂകരണാപേക്ഷ നിരാകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്

സ.ഉ(സാ.ധാ)നം.1934/2017/തസ്വഭവ തിരുവനന്തപുരം,തീയതി 12/06/2017

പരാമർശം : 1. തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 05.05.2015 തീയതിയിലെ എ 2/3422/15 നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 18.10.2014 തീയതിയിലെ എം 3/33319/15 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 10.02.2015 തീയതിയിലെ കെ.എസ്.എ 14120/പിറ്റി3/15 നമ്പർ കത്ത്

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം ഫയലുകൾ സൂക്ഷിക്കുന്നതിന് തേക്കിന്റെ 4 കസേരകളും 2 സ്റ്റീൽ അലമാരകളും എസ്.ജി.ആർ.വൈ പദ്ധതിക്ക് വിരുദ്ധമായി എസ്.ജി.ആർ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ഇനത്തിലുള്ള 19,950/- രൂപ (പത്തൊൻപതിനായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) തടസ്സപ്പെടുത്തിയിരുന്നു. 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം അറുപത് വയസ് കഴിഞ്ഞവരും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുമായ കാഴ്ചവൈകല്യമുള്ളവർക്ക് സൗജന്യമായി കണ്ണട വിതരണം ചെയ്ത ഇനത്തിലുള്ള 29,925/- രൂപയും (ഇരുപത്തൊൻപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തഞ്ച് രൂപ മാത്രം) തടസ്സപ്പെടുത്തിയിരുന്നു.

2) മികച്ച ഗുണനിലവാരം ഉറപ്പുവരുത്തിയാണ് ഫർണീച്ചറുകൾ വാങ്ങിയതെന്നും സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിക്കാതിരുന്നത് നിർവഹണോദ്യോഗസ്ഥന്റെ അറിവില്ലായ്മ കൊണ്ടായിരുന്നുവെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വളരെയേറെ അവശരായ വൃദ്ധജനങ്ങൾക്കുള്ള പദ്ധതിയായതിനാൽ സബ്സീഡി പ്രകാരം സൗജന്യമല്ലാതെ കണ്ണടവിതരണം നടത്താൻ കഴിയില്ലായിരുന്നുവെന്നതിനാലാണ് സബ്സീഡി മാർഗനിർദേശങ്ങൾ പാലിക്കാൻ കഴിയാതിരുന്നതെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ സാധൂകരണം തേടുന്നതിനായി പഞ്ചായത്ത് ഭരണ സമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ സർക്കാർ സാധൂകരണം തേടുന്നതിനായി ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ രൂപാർശ സഹിതം പരാമർശം

രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സാധുകരണം നൽകുന്നതിൽ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലായെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിന്റെ മറുപടി, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ മറുപടി എന്നിവ കണക്കിലെടുത്ത് 2004-2005 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7 പ്രകാരം തടസ്സപ്പെടുത്തിയ 19,950/- രൂപയുടെ (പത്തൊൻപതിനായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) ചെലവിന് സാധുകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സബ്സീഡി മാർഗ്ഗരേഖ പ്രകാരം സബ്സീഡി നൽകുന്നതിൽ നിന്നും വ്യക്തമായി വിലക്കിയിരുന്ന കണ്ണട വിതരണം ചെയ്ത നടപടി തെറ്റായതിനാൽ 2008-2009 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 പ്രകാരം തടസ്സപ്പെടുത്തിയിരുന്ന അറുപത് വയസ് കഴിഞ്ഞവരും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുമായ കാഴ്ചവൈകല്യമുള്ളവർക്ക് സൗജന്യമായി കണ്ണട വിതരണം ചെയ്ത ഇനത്തിലുള്ള 29,925/- രൂപയുടെ (ഇരുപത്തൊൻപതിനായിരത്തി തൊള്ളായിരത്തി ഇരുപത്തഞ്ച് രൂപ മാത്രം) ചെലവിന് സാധുകരണം നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ഷിബു എ ടി
അണ്ടർ സെക്രട്ടറി

സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ